പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1808 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ദിവസവേതന ജോലിക്കാർ

ചോദ്യം

ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരും ഡ്രൈവർമാരും ഒഴികെയുള്ള എത്ര പേർ നിലിവിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു; ഇവർ ഏതെല്ലാം വിഭാഗത്തിലാണ് ജോലി നോക്കുന്നത്; വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടറും, ഡ്രൈവറും ഒഴികെ 1246 പേർ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു.<br>മെക്കാനിക്കൽ വിഭാഗം - 641<br>അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ - 4<br>സെക്യൂരിറ്റി ഗാർഡ്- 234 (കരാർ നിയമനം)<br>ജൂനിയർ അസിസ്റ്റന്റ് - 367 |
| (ബി) | ഏത് നിയമന വ്യവസ്ഥ പ്രകാരമാണ് ഇവർക്ക് ജോലി നല്കിയതെന്നും ഇവരെ നിയമനത്തിന് തെരഞ്ഞെടുത്തപ്പോൾ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയിൽ അസിസ്റ്റന്റുമാരെ താൽക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമിച്ചിരിക്കുന്നത്. സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത് കെക്സോൺ എന്ന ഏജൻസി മുഖാന്തിരമാണ്. കൂടാതെ, ദർഘാസ് ക്ഷണിച്ച് കരാറടിസ്ഥാനത്തിൽ ഗാർഡുമാരെ സ്പൈഡർ ഫോഴ്സ് എന്ന ഏജൻസി മുഖാന്തിരം നിയമിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലിക ഒഴിവ് പരിഹരിക്കുന്നതിലേക്കായി മാത്രം |

| | | | |
|---|---|---|---|
| | | | ഏതാനും വിഭാഗം ജീവനക്കാരെ താൽക്കാലികമായി ലിസ്റ്റിൽ ഉൾക്കൊള്ളിച്ച് യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, യൂണിറ്റുകളിൽ നേരിട്ടും മുൻകാലങ്ങളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരാണ് ഇപ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നത്. |
| (സി) | പതിറ്റാണ്ട് കാലം സർവീസ് കഴിഞ്ഞ ഏണിംഗ് സ്റ്റാഫുകളായ കണ്ടക്ടർമാരെയും ഡ്രൈവർമാരെയും നിയമനരീതി പി.എസ്.സി. വഴി (നിയമപരമായി) അല്ലാത്തതിനാൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിരുന്നോ; | (സി) | ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സിയിലെ താൽക്കാലിക കണ്ടക്ടർമാരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടിരുന്നു. |
| (ഡി) | എങ്കിൽ ഇതര വിഭാഗക്കാരായവർ ദിവസവേതനക്കാരായിട്ടും ജോലിയിൽ നിലനിർത്തുന്നത് ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിലാണോ എന്നറിയിക്കുമോ; | (ഡി) യും (ഇ) യും | ഇതിൽ ഇതരവിഭാഗക്കാരായ ദിവസവേതനക്കാരെ പിരിച്ചുവിടുന്നതിന് ബഹു.കോടതിയുടെ ഉത്തരവുകൾ ഒന്നും ലഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി അതീവ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് താത്ക്കാലിക ജീവനക്കാരെ ഒഴിവുള്ള ദിവസങ്ങളിൽ മാത്രം ജോലിക്ക് നിയോഗിച്ച് നിലനിർത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലില്ല. |
| (ഇ) | ഇവരെ തുടർന്നും കെ.എസ്.ആർ.ടി.സി. ജീവനക്കാരായി നിലനിർത്തുന്നതിന് തന്നെയാണോ സർക്കാർ ഉദ്ദേശിക്കുന്നത് എന്നും ഇത്തരക്കാരെ സ്ഥിരപ്പെടുത്തി നൽകുന്നതിന് ഉദ്ദേശ്യമുണ്ടോ എന്നും വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**